# രാഘവപ്പണിക്കർ ബാലകൃഷ്ണപ്പള്ളയുടെ കുടുംബത്തിന് ഒരുമ സഹായം കൈമാറി

കുവൈത്ത്: ഒരുമ സാമൂഹ്യ ക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ **മരണപ്പെട്ട** പത്തനംത്തിട്ട ജില്ലയിലെ ആറന്മുള നീർവിലാകം സ്വദേശി കുട്ടമ്മത്ത് വീട്ടിൽ രാഘവപ്പണിക്കർ ബാലകൃഷ്ണപ്പള്ളയുടെ **യുടെ** കുടുംബത്തിനുള്ള സഹായ ധനം കൈമാറി. സഹായ ധനമായ **മൂന്ന് ലക്ഷം രൂപയുടെ** ഡ്രാഫ്റ്റ് ജമാഅത്തെ ഇസ്‌ലാമി പത്തനംത്തിട്ട ജില്ല സമിതി അംഗം അബ്ദുൽ റഷീദ്. പി. എച്ച് പരേതന്റെ ഭാര്യക്ക് കൈമാറി. **സാമൂഹ്യ** പ്രവർത്തകരായ ജോഷി ജോസഫ്, രാജൻ കുളനട തുടങ്ങിയവർ സംബന്ധിച്ചു.

കേരള ഇസ്‌ലാമിക് ഗ്രൂപ്പിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് പദ്ധതി പ്രവർത്തിക്കുന്നത്. അംഗമാകുന്നവർ മരണപ്പെട്ടാൽ അവർ നിർദ്ദേശിച്ച വ്യക്തിക്ക് 2 ലക്ഷം രൂപയും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായി തുടരുന്നവർക്ക് 3 ലക്ഷം രൂപയും നൽകുന്നതാണ് പദ്ധതി. 2015 വർഷത്തേക്കുള്ള അംഗങ്ങളെ ചേർക്കുന്ന കാമ്പയിൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അബ്ബാസിയ 90096715, ഫർവാനിയ 67034736, റിഗ്ഗയി 97322896, കുവൈത്ത് സിററി 50822271, സാൽമിയ 97494035, അബൂഹലീഫ 55894775, ഫഹാഹീൽ 65088148, ജഹ്റ 50822271 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ **www.orumakuwait.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.